(ബി) ഇവരെ സംരക്ഷിക്കാൻ ഇപ്പോൾ സർക്കാർ നടത്തിവരുന്ന പ്രധാന പരിപാടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(സി) ഗൾഫ് മേഖലയിലെ വിവിധ രാജ്യങ്ങളിലെ അനധികൃത കുടിയേറ്റത്തിന്റെ പേരിൽ നിലവിൽ എത്ര കേരളീയർക്കെതിരെ കേസ്സെടുത്തിട്ടുണ്ടെന്നും എത്രപേരെ ജയിലിലടച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ ആന്റ് ബി) ഗൾഫ് രാജ്യങ്ങളിൽനിന്നും തൊഴിൽരഹിതരായി തിരിച്ചെത്തിയ മലയാളികളെ സംബന്ധിച്ച കണക്ക് ലഭ്യമല്ല. എന്നാൽ ഇത്തരക്കാരെ പുനരധിവസിപ്പിക്കുന്നതിന് നോർക്ക വകുപ്പിന്റെ ഫീൽഡ് ഏജൻസിയായ 'റൂട്ട്സ്-എൻ. ആർ. കെ. ഡവലപ്പ്മെന്റ് ഇനിഷ്യേറ്റീവ്' വിവിധ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്.

(സി) ഗൾഫ് മേഖലയിലെ വിവിധ രാജ്യങ്ങളിലെ അനധികൃത കുടിയേറ്റത്തിന്റെ പേരിൽ നിലവിൽ എത്ര കേരളീയർക്കെതിരെ കേസെടുത്തിട്ടുണ്ടെന്നും എത്രപേരെ ജയിലിലടച്ചിട്ടുണ്ടെന്നും സംബന്ധിച്ച കണക്ക് ലഭ്യമാക്കാൻ വിവിധ രാജ്യങ്ങളിലെ ഇൻഡ്യൻ എംബസികളെ സമീപിച്ചിട്ടുണ്ടെങ്കിലും വിശദ വിവരങ്ങൾ ലഭ്യമായിട്ടില്ല.

ജില്ലാ കേന്ദ്രങ്ങളിൽ അറ്റസ്റ്റേഷൻ സെന്ററുകൾ

409 [2473] ശ്രീ. ടി. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഇൻഫർമേഷനും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശത്ത് ജോലിതേടി പോകുന്നവർക്ക് സർട്ടിഫിക്കറ്റ് അറ്റസ്റ്റേഷന് ഉണ്ടാകുന്ന കാലതാമസവും ബുദ്ധിമുട്ടുകളും പരിഹരിക്കാൻ ഏതെങ്കിലും തരത്തിലുള്ള നിർദ്ദേശങ്ങൾ സംസ്ഥാന സർക്കാർ കേന്ദ്രസർക്കാരിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ;

(സി) സംസ്ഥാനത്തെ എല്ലാ ജില്ലാ കേന്ദ്രങ്ങളിലും സർട്ടിഫിക്കറ്റ് അറ്റസ്റ്റേഷൻ സെന്ററുകൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ ആന്റ് ബി) ഗൾഫ് രാജ്യങ്ങളിൽ തൊഴിൽതേടി പോകുന്നവർ തങ്ങളുടെ വിദ്യാഭ്യാസ യോഗ്യതാ സർട്ടിഫിക്കറ്റുകൾ സാക്ഷ്യപ്പെടുത്തി ലഭിക്കുന്നതിന് നേരിടുന്ന ബുദ്ധിമുട്ടുകൾ സംസ്ഥാന സർക്കാർ നിരന്തരം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയതിന്റെ ഫലമായി സർട്ടിഫിക്കറ്റുകൾ

LIBRARY ARCHIVES Kerala Legislative Assembly

സാക്ഷ്യപ്പെടുത്തുന്നതിന് കേന്ദ്ര മാനവവിഭവശേഷി വികസന മന്ത്രാലയത്തിന്റെ ഒരു പ്രാദേശിക കേന്ദ്രം തിരുവനന്തപുരത്ത് റൂട്ട്സിൽ 30-1-2004 മുതൽ പ്രവർത്തനം ആരംഭിച്ചു. ഒരു പ്രവൃത്തിദിവസം 150 പേർക്ക് വരെ എച്ച്. ആർ. ഡി. അറ്റസ്റ്റേഷൻ നടത്തുന്നുണ്ട്. വിദേശകാര്യ മന്ത്രാലയത്തിൽനിന്നും യു. എ. ഇ. എംബസ്സിയിൽ നിന്നും സർട്ടിഫിക്കറ്റുകൾ സാക്ഷ്യപ്പെടുത്തി ലഭിക്കുന്നതിലുണ്ടാകുന്ന കാലതാമസം ഇപ്പോൾ താരതമ്യേന കുറഞ്ഞിട്ടുണ്ട്. സർട്ടിഫിക്കറ്റ് സാക്ഷ്യപ്പെടുത്തൽ നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിന്റെ ഭാഗമായി സംസ്ഥാന വിദ്യാഭ്യാസ വകുപ്പിലെ ഉദ്യോഗസ്ഥരുടെ സഹായത്താൽ എച്ച്. ആർ. ഡി. അറ്റസ്റ്റേഷൻ ജോലികൾ കേരളത്തിൽ തന്നെ പൂർത്തിയാക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ടെന്ന് വിദേശകാര്യമന്ത്രാലയം അറിയിച്ചിട്ടുണ്ട്. കൂടാതെ മുംബൈയിലെ യു. എ. ഇ. കോൺസുലേറ്റുവഴി സർട്ടിഫിക്കറ്റുകൾ സാക്ഷ്യപ്പെടുത്തി ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) സംസ്ഥാനത്തെ എല്ലാ ജില്ലാ കേന്ദ്രങ്ങളിലും സർട്ടിഫിക്കറ്റ് അറ്റസ്റ്റേഷൻ സെന്ററുകൾ ആരംഭിക്കുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. എന്നാൽ കോഴിക്കോട്ടും കൊച്ചിയിലും സാക്ഷ്യപ്പെടുത്തൽ കേന്ദ്രങ്ങൾ തുടങ്ങാൻ സർക്കാർ ആലോചിക്കുന്നുണ്ട്.

അറ്റസ്റ്റേഷൻ നടപടി ലളിതവും സുതാര്യവുമാക്കാൻ നടപടി

410 [2474] ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഇൻഫർമേഷനും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശത്ത് തൊഴിൽതേടി പോകുന്നവരുടെ സർട്ടിഫിക്കറ്റുകൾ സാക്ഷ്യപ്പെടുത്തുന്നതു സംബന്ധിച്ച് പുതുതായി ഉണ്ടായിട്ടുള്ള സാഹചര്യങ്ങൾ വിലയിരുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) വിദേശത്ത് തൊഴിൽതേടി പോകുന്നവരുടെ സൗകര്യാർത്ഥം സർട്ടിഫിക്കറ്റുകൾ സാക്ഷ്യപ്പെടുത്തിക്കിട്ടുന്നതിനുള്ള നടപടിക്രമങ്ങൾ ലളിതവും സുതാര്യവുമാക്കിത്തീർക്കുന്ന എന്തെല്ലാം പദ്ധതികളാണ് സർക്കാർ ആവിഷ്ക്കരിച്ച് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ ആന്റ് ബി) ഉണ്ട്. ഗൾഫ് രാജ്യങ്ങളിലേക്ക് പോകുന്ന ഉദ്യോഗാർത്ഥികളുടെ വിദ്യാഭ്യാസ യോഗ്യത സർട്ടിഫിക്കറ്റുകളുടെ സാക്ഷ്യപ്പെടുത്തൽ നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിന്റെ ഭാഗമായി സംസ്ഥാന വിദ്യാഭ്യാസ വകുപ്പിലെ ഉദ്യോഗസ്ഥരുടെ സഹായത്താൽ എച്ച്. ആർ. ഡി. അറ്റസ്റ്റേഷൻ ജോലികൾ

LIBRARY ARCHIVES Kerala Legislative Assembly